ഖുത്ബ
17.8.2007
ബയ്ത്തുൽ ഫുത്വൂഹ്, ലണ്ടൻ

# അല്ലാഹ്തആല ഹർ ജഗഹ് ഹാളിർഹെ

## അവൻ നിങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്നു

**ഹ**ദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "തങ്ങളുടെ കർമ്മങ്ങൾ സ്വന്തം ഈമാന് സാക്ഷ്യം വഹിക്കുന്നവരാണ് മുഅ്മിനീംകൾ. അവരുടെ ഹൃദയങ്ങളിൽ ഈമാൻ എഴുതപ്പെടുന്നു. അവർ എല്ലാ വസ്തുക്കളേക്കാളും അല്ലാഹുവിനേയും അവന്റെ തൃപ്തിയേയും മുന്തിക്കുന്നു. തഖ്‌വയുടെ നേർത്തതും ഇടുങ്ങിയതുമായ വഴികളെ അവനുവേണ്ടി സ്വീകരിക്കുകയും അവന്റെ സ്നേഹത്തിൽ ലയിക്കുകയും ചെയ്യുന്നു. വിഗ്രഹങ്ങളെപോലെ അല്ലാഹുവിൽനിന്ന് തടയുന്ന ഓരോ വസ്തുവിനേയും, അത് സ്വഭാവപരമാവട്ടെ ധിക്കാരപരമായ കർമ്മങ്ങളാവട്ടെ, അല്ലെങ്കിൽ അശ്രദ്ധയോ മടിയോ ആവട്ടെ അവരിൽനിന്ന് എല്ലാത്തിനേയും സ്വയം അകറ്റിക്കളയുന്നു."

വിശുദ്ധഖുർആന്റെ അധ്യാപനത്തിന്റെ വെളിച്ചത്തിൽ മുമ്പേയും ഞാൻ പറഞ്ഞിട്ടുള്ളതാണ്, അല്ലാഹുവിന്റെ തൃപ്തിയിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്ന ഏതു കർമ്മവും, ഈമാനിൽനിന്നും അകറ്റിക്കൊണ്ടുപോകുന്നതായിരിക്കും. വിശുദ്ധഖുർആനിൽ സത്യവിശ്വാസികൾക്കായി അല്ലാഹു പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങളും കല്പനകളും ഹദ്റത്ത് മസീഹ് മൗഊദ്(അ) സുവ്യക്തമായനിലയിൽ നമ്മുടെ മുമ്പിൽ സമർപ്പിക്കുകയുണ്ടായി.

ആ മഹാത്മാവ് ഈമാനിന്റെ ഉന്നതമായ നില തന്റെ ജമാഅത്തിലെ അംഗങ്ങളിൽ കാണുന്നതിനായി ആവർത്തിച്ചാവർത്തിച്ചു ഉപദേശം നല്കി. നമ്മളിൽ ഓരോരുത്തരും പരിശുദ്ധപരിവർത്തനം ഉണ്ടാക്കിക്കൊണ്ട് മുഅ്മിനോടുള്ള അല്ലാഹുവിന്റെ പെരുമാറ്റത്തിൽ ഭാഗഭാക്കാകാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹുവിന്റെ ആ പെരുമാറ്റത്തിന് വിധേയരാവാൻ തഖ്‌വയുടെ മാർഗ്ഗങ്ങൾ നാം അന്വേഷിക്കേണ്ടിവരും.

തഖ്‌വയുടെ നേർത്തതും ഇടുങ്ങിയതുമായ വഴികളെ അല്ലാഹുവിനുവേണ്ടി സ്വീകരിക്കുകയും അവന്റെ സ്നേഹത്തിൽ ലയിക്കുകയും ചെയ്യുന്നവരാണ് സത്യവിശ്വാസികൾ എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. തഖ്‌വയുടെ നേർത്തവഴികൾ എന്താണെന്ന് വിശദീകരിച്ചുകൊണ്ട്, അദ്ദേഹം പറയുന്നു:

"മനുഷ്യന്റെ സകല ആത്മീയസൗന്ദര്യവും തഖ്‌വയുടെ നേർത്തവഴികളിൽ പദമൂന്നുന്നതിലാണ് നിലകൊള്ളുന്നത്. തഖ്‌വയുടെ നേർത്തവഴികൾ, ആത്മീയ സൗന്ദര്യത്തിന്റെ അതിസൂക്ഷ്മമായ ചിഹ്നങ്ങളും മനോഹരമായ രേഖകളുമാണ്. അല്ലാഹുവിന്റെ അമാനത്തുകളേയും അവനോടുചെയ്തിട്ടുള്ള വിശ്വാസപരമായ ഉടമ്പടികളേയും കഴിവിന്റെ പരമാവധി പരിഗണിക്കണമെന്നുള്ളത് വ്യക്തമാണ്. ബാഹ്യമായ കണ്ണുകളും ചെവികളും കൈകളും കാലുകളും മറ്റു അവയവങ്ങളും ആന്തരികമായ ഹൃദയവും മറ്റു ശക്തികളും സ്വഭാവങ്ങളും തുടങ്ങി തലമുതൽ കാലുവരെ എത്രയെത്ര കഴിവുകളും അവയവങ്ങളുമുണ്ടോ, അവയെ കഴിവിന്റെ പരമാവധി സന്ദർഭോചിതം ഉപയോഗിക്കുകയും നിയമവിരുദ്ധമായ സ്ഥലങ്ങളിൽനിന്ന് അവയെ തടയുകയും അവയുടെ രഹസ്യമായ പ്രവൃത്തികളിൽനിന്ന് ജാഗ്രത പാലിക്കുകയും ചെയ്യേണ്ടതാണ്. സമസൃഷ്ടികളോടുള്ള കടമകൾ ശ്രദ്ധിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും വേണം. മനുഷ്യന്റെ സകല ആത്മീയസൗന്ദര്യങ്ങളും ബന്ധപ്പെട്ടുകിടക്കുന്ന വഴികളാണിത്. അല്ലാഹു തഖ്‌വയെ വിശുദ്ധഖുർആനിൽ വസ്ത്രം എന്ന് നാമകരണം ചെയ്തിരിക്കുന്നു.

തഖ്‌വയുടെ നേർത്തവഴികൾ ആത്മീയസൗന്ദര്യത്തിന്റെ അതിസൂക്ഷ്മമായ ചിഹ്നങ്ങളും മനോഹരമായ രേഖകളുമാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ഇത് വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു. വണക്കം എന്ന അവസ്ഥ ഈമാന് വിത്തുപോലെയാണ്. അതായത്, അല്ലാഹുവിനോടുള്ള ഭയം. ഓരോ കർമ്മത്തിന്റേയും മുമ്പേ അവന്റെ സാന്നിധ്യത്തെക്കുറിച്ച് ബോധം വരണം. ആദ്യം ഈ വിത്താണ് നിങ്ങളുടെ മനസ്സിൽ സൃഷ്ടിക്കപ്പെടേണ്ടത്. ഏതെങ്കിലും പ്രവൃത്തി ചെയ്യുമ്പോൾ **അല്ലാഹുതആല എല്ലായിടത്തുമുണ്ടെന്നുള്ള ദൃഢമായ വിശ്വാസം** എപ്പോഴും മനസ്സിലുണ്ടായിരിക്കണം. അങ്ങേയറ്റം വിനയത്തോടെ പേടിച്ചുപേടിച്ച് ജീവിക്കുക. ഈ അവസ്ഥയെ വിത്തിനോടുമാത്രമേ ഉപമിക്കാൻ പറ്റുകയുള്ളൂ. ഈ ഭയം ജന്മംകൊള്ളുകയും നിരർത്ഥകമായ എല്ലാ കാര്യങ്ങളേയും മനുഷ്യൻ ഉപേക്ഷിക്കുകയും ചെയ്തുകഴിഞ്ഞാൽ മനുഷ്യമനസ്സിന്റെ മണ്ണിൽ ഈമാന്റെ പതമുള്ള ചെടി കിളിർക്കുന്നു. ആ വിത്ത് മുളയ്ക്കുന്നു. ആ വയലിൽ പച്ചപ്പ് കാണാൻ തുടങ്ങുന്നു. ഈ പതമുള്ള ചെടി, വളരെ ബലഹീനമായിരിക്കും. ഒരു കുട്ടിയുടെ കാലി

ന്നടിയിൽപെട്ടാൽപോലും അത് ഞെരിഞ്ഞുപോകും."

അതുകൊണ്ട് തന്റെ ഉള്ളിൽ ഒരുപാട് ഭക്തിയുണ്ടായിട്ടുണ്ടെന്ന് കരുതി സമാധാനിക്കരുത്. നിരർത്ഥകമായ കാര്യങ്ങൾ ഉപേക്ഷിച്ചുവെന്നും അല്ലെങ്കിൽ അത് ഉപേക്ഷിക്കുന്നതിൽ കുറേ മെച്ചപ്പെട്ടിട്ടുണ്ടെന്നും കരുതുകയും അരുത്. മറിച്ച്, ആ പതമുള്ള ചെടിയെ സംരക്ഷിച്ചു വളർത്തുന്നതിന് ഒരുപാട് ഘട്ടങ്ങൾ ഇനിയും തരണം ചെയ്യേണ്ടതുണ്ട്. തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശദീകരിച്ചുകൊണ്ട് പറയുന്നു: "ഈമാന്റെ കരുത്തിനായി നിങ്ങളുടെ പ്രിയപ്പെട്ട ധനത്തിൽനിന്ന് ത്യാഗം ചെയ്യേണ്ട ആവശ്യവുമുണ്ട്. ധനപരമായ ത്യാഗമുണ്ടാകുമ്പോൾ ഈമാന്റെ വൃക്ഷത്തിൽ ചെറിയ കൊമ്പുകൾ മുള പൊട്ടാൻ തുടങ്ങുന്നു. അതിന് ശാഖകൾ കിളിർക്കുന്നു. അത് അതിൽ അല്പം ബലമുണ്ടാക്കുകയും ചെയ്യുന്നു. പിന്നീട് ആ കൊമ്പുകളെ കൂടുതൽ ശക്തിയുള്ളതാക്കാനായി ഇന്ദ്രിയാശകളോട് പോരാടേണ്ട ആവശ്യവുമുണ്ട്. ഓരോ ചുവടിലും ശയ്ത്വാൻ അവന്റെ ഒളിത്താവളമുണ്ടാക്കി വെച്ചിരിക്കുകയാണ്. അവൻ ആത്മാക്കളെ വഞ്ചിച്ച് വിവിധ രീതിയിൽ തിന്മയിലേക്ക് ചായ്ക്കുന്നു. ഓരോയിടത്തും നന്മയിൽനിന്ന് അവരെ തടയാൻ ശ്രമിക്കുന്നു. അതിൽ നിന്ന് രക്ഷപ്പെടുക എന്നത് ഒരു മുഅ്മിന്റെ പ്രവൃത്തിയാണ്. തിന്മയെ വർജ്ജിക്കുക. നന്മയെ സ്വീകരിക്കുക. ശയ്ത്വാന്റെ വലയിൽ കുടുങ്ങാതിരിക്കുക. ഈ അവസ്ഥ ഉണ്ടായിത്തീർന്നാൽ ആ കൊമ്പുകൾക്കും നല്ല ഉറപ്പും ബലവുമുണ്ടാകാൻ തുടങ്ങുന്നു. പിന്നീട് ബലമുള്ള ആ കൊമ്പുകൾക്ക് ചെടിയുടെ തായ്ത്തടിയിൽ ഉറപ്പോടുകൂടി നിലകൊള്ളേണ്ടതുണ്ട്. ബലമുള്ള തായ്ത്തടിയിൽ അതിനെ പിടിച്ചുനിറുത്തുന്നതിന്നായി, അല്ലാഹുവിനോട് അവനുവേണ്ടി ചെയ്ത ആ എല്ലാ ഉടമ്പടികളും കാത്തുസൂക്ഷിക്കേണ്ടതാണ്. എല്ലാ അമാനത്തുകളും കാത്തുസൂക്ഷിക്കണം. അല്ലാഹുവിന്റെ എല്ലാ കല്പനകളും നിങ്ങളുടെ പക്കൽ അമാനത്ത് അഥവാ സൂക്ഷിപ്പുമുതലാണ്. അവയെ കാത്തുസൂക്ഷിക്കേണ്ടതും കാലത്തിനും സ്ഥലത്തിനുമൊത്ത് ഉപയോഗിക്കേണ്ടതും നിർബന്ധമാണ്. ഈ അമാനത്തുകളാണ് ഈമാന്റെ ശാഖകൾ. ഈ കാര്യങ്ങളെല്ലാം ചേർന്ന് പിന്നീട് ഈമാന്റെ വൃക്ഷത്തെ ഉറപ്പുള്ള തായ്ത്തടിയിൽ നിലനിറുത്തുന്നതാണ്. തായ്ത്തടി ആ ശാഖകൾക്ക് ഭക്ഷണമൊരുക്കിക്കൊടുക്കുന്നു." വിശ്വാസപരമായ ഉടമ്പടിയെ കൂടുതൽ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മോട് പറഞ്ഞു: "വിശ്വാസപരമായ ഉടമ്പടികൊണ്ടുള്ള ഉദ്ദേശ്യം ബയ്അത്ത് ചെയ്യുന്ന നേരത്തും വിശ്വസിക്കുന്ന സമയത്തും ഏറ്റുപറയുന്ന ആ എല്ലാ പ്രതിജ്ഞകളുമാണ്."

അതിനാൽ, ഏതേതെല്ലാം നിബന്ധനകളനുസരിച്ച് ജീവിക്കുമെന്ന് പറഞ്ഞുകൊണ്ട് നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തുവോ അവയെല്ലാം എപ്പോഴും നമ്മുടെ മുമ്പിൽ ഉണ്ടായിരിക്കേണ്ടതാണ്. അതിന്റെ സംഗ്രഹം എന്നു പറയുന്നത് കഴിഞ്ഞ ഖുത്വ്ബയിൽ ഞാൻ വിവരിച്ച അല്ലാഹുവിന്റെ തൗഹീദിന്റെ സംസ്ഥാപനവും നബി(സ) തിരുമനിയെ പൂർണ്ണമായും അനുസരിക്കലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ എല്ലാ തീരുമാനങ്ങളിലും നീതിമാനായ വിധികർത്താവായി അംഗീകരിക്കലും കടമകൾ നിറവേറ്റലും അഹ്മദിയ്യാ ഖിലാഫത്തിനെ അനുസരിക്കലുമാണ്. അപ്പോഴായിരിക്കും ഈ ഈമാന്റെ വൃക്ഷം ഉറപ്പുള്ള തായ്ത്തടിയിൽ നിലകൊള്ളുന്നത്. അതിന്റെ വേരുകൾ ശക്തമായിരിക്കും. ഈയവസ്ഥയുണ്ടാകുമ്പോൾ ഒരു മുഅ്മിന്റെ ഓരോ പ്രവൃത്തിയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടിയായിരിക്കും. അല്ലാഹു അവനെ എപ്പോഴും ശയ്ത്വാനിൽനിന്ന് രക്ഷിക്കാനും അന്ധകാരത്തിൽനിന്ന് അവനെ പ്രകാശത്തിലേക്ക് കൊണ്ടുവരാനും വേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുന്നതാണ്. കാരണം ഈ ലോകത്തെ ഒരു സുഹൃത്ത് തന്റെ സുഹൃത്തിന്റെ ഗുണത്തിനുവേണ്ടി എല്ലാ സാഹചര്യങ്ങളുമൊരുക്കിക്കൊടുക്കുന്നത് നാം കാണുന്നു. അങ്ങനെ വരുമ്പോൾ എല്ലാ സുഹൃത്തുക്കളേക്കാളും കൂടുതൽ ആത്മാർത്ഥതയുള്ള അല്ലാഹു, ഈമാനിൽ ഉറപ്പിച്ചുനിറുത്തണമെന്നും ശയ്ത്വാനിൽ നിന്നും അവന്റെ ആക്രമണത്തിൽനിന്നും രക്ഷിച്ചുനിറുത്തണമെന്നും ആഗ്രഹിക്കുന്ന തന്റെ വിശ്വാസിയായ സുഹൃത്തിനെ അന്ധകാരത്തിൽ ഉപേക്ഷിച്ചുകളയുന്നതെങ്ങനെ? അതൊരിക്കലും സംഭവിക്കുകയില്ലെന്ന് അല്ലാഹു പറയുന്നു. തന്നിലേക്ക് വരികയും ഈമാനിൽ കരുത്താർജ്ജിക്കാൻ ശ്രമിക്കുകയും ചെയ്യുകയാണെങ്കിൽ തന്റെ സാമീപ്യം കരസ്ഥമാക്കുന്നവരായിത്തീരുമെന്നാണ് അല്ലാഹു പറയുന്നത്. ഒരിടത്ത് പറയുന്നു ***അല്ലാഹു വലിയുല്ലദീന ആമനൂ യുഖ്രിജുഹും മിനൽളുലുമാത്തി ഇലന്നൂരി*** അല്ലാഹു സത്യവിശ്വാസം സ്വീകരിച്ചവരുടെ മിത്രമാകുന്നു. അവൻ അവരെ അന്ധകാരങ്ങളിൽനിന്ന് വിമുക്തരാക്കി പ്രകാശത്തിലേക്ക് കൊണ്ടുവരുന്നു (2:258).

അല്ലാഹു ഇവിടെ സത്യവിശ്വാസിയോട് തന്റെ സുഹൃത്ത്ബന്ധം പ്രഖ്യാപിക്കുകയാണ്. സത്യവിശ്വാസികളെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് കൊണ്ടുവരുമെന്ന് വിളംബരം ചെയ്യുകയാണ്. അവർക്ക് അവൻ പ്രകാശം കാണിച്ചുകൊടുക്കുന്നതായിരിക്കും. ഈമാനെ ശക്തിപ്പെടുത്താനുള്ള നിങ്ങളുടെ പരിശ്രമത്തിൽ നിങ്ങൾക്ക് തീർച്ചയായും അഭിവൃദ്ധി നല്കുന്നതാണ്. നിങ്ങളെ ആത്മീയപുരോഗതികളിലും അവൻ വളർത്തും. എന്നുമാത്രമല്ല ഇക്കാരണത്താൽ നിങ്ങളുടെ ഭൗതികമായ ആവശ്യങ്ങളും അവൻ പൂർത്തിയാക്കിത്തരുന്നതാണ്.

അതിനാൽ, അല്ലാഹുവിന്റെ വഴിയിൽ സദുദ്ദേശ്യത്തോടെയുള്ള പരിശ്രമവും ഉണ്ടാകേണ്ടത് നിർബ

സ്ധമാണെന്ന കാര്യം എപ്പോഴും ഓർക്കണം. ഭൗതിക മായ സുഖാഢംബരങ്ങളിലേക്ക് ഓടിപ്പോകുന്നവർക്ക് അവരുടെ ആഗ്രഹമനുസരിച്ച് അത് ലഭിക്കുന്നുണ്ടോ എന്നറിയില്ല. കാരണം ഭൗതികമായി ഒരുപാട് സമ്പാദി ക്കുന്നവർ അല്ലാഹുവിനെ മറന്നുപോകുന്ന കാരണ ത്താൽ അവരിലധികംപേരും എന്നല്ല, എല്ലാവരും അസ്വ സ്ഥതയോടെ ജീവിക്കുന്നവരാണ്. എന്നാൽ, അല്ലാഹു വിനുവേണ്ടി ആത്മാർത്ഥമായി തങ്ങളുടെ ഈമാനിൽ ശക്തിയുണ്ടാക്കാൻ ശ്രമിക്കുന്നവർക്കാണ് അല്ലാഹു വിനെ ലഭിക്കുന്നത്. ദുൻയാവ് അവരുടെ വീട്ടിലെ വേല ക്കാരിയായി തീരുകയും ചെയ്യും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ആരാണോ അല്ലാഹുവിലേക്ക് മടങ്ങുന്നത് അല്ലാ ഹുവും അവനിലേക്ക് മടങ്ങുന്നതാണ്. അതേ, ഒരു കാര്യം നിർബന്ധമാണ്; അവൻ വീഴ്ച വരുത്താതിരി ക്കാൻ കഴിവിന്റെ പരമാവധി ശ്രമിക്കണം. അങ്ങനെ അവന്റെ പരിശ്രമം എത്തേണ്ടിടത്ത് എത്തുമ്പോൾ, അല്ലാഹുവിന്റെ പ്രകാശത്തെ അവൻ കാണും. ഇക്കാ ര്യവും ദാസനോടുള്ള അല്ലാഹുവിന്റെ ഔദാര്യമാണ്. ഓരോ മനുഷ്യന്റേയും ബാഹ്യവും ആന്തരികവുമായ കഴിവുകൾ വിഭിന്നമാണ്. അതുകൊണ്ട് ഓരോരുത്തരും അവരവരുടെ കഴിവനുസരിച്ച് അവരുടെ ടാർഗറ്റ് പൂർത്തിയാക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ പ്രകാശ ത്തിൽ ഭാഗഭാക്കാകാൻ ഈമാന്റെ ശക്തിയെ കഴിവിന്റെ പരമാവധി അതിന്റെ സ്ഥാനത്തെത്തിക്കാൻ പരിശ്രമിക്കേ ണ്ടതാണ്."

വീണ്ടും ആ മഹാത്മാവ് പറയുന്നു: ***"വല്ലദീന ജാഹദൂ, ഫീനാ ലനഹ്ദിയന്നഹും സുബുലനാ*** (29:70). ഇതിൽ പറയുന്നത്, എന്തൊന്ന് പ്രവർത്തിക്കാനാണോ അല്ലാഹു ചുമതലപ്പെടുത്തിയിട്ടുള്ളത് അത് നിറവേറ്റുക എന്നാണ്. ഇരുപതു മുഴം കുഴിച്ചാലാണ് വെള്ളം കിട്ടു ന്നതെങ്കിൽ രണ്ടുമുഴം മാത്രം കുഴിച്ച് നിരാശരാവാൻ പാടില്ല." ഇതാണ് ഓരോ പ്രവർത്തനത്തിന്റേയും വിജ യത്തിന്റെ അടിസ്ഥാനകാര്യം. അതായത്, ഒരിക്കലും തളരാൻ പാടില്ല.

ആരെങ്കിലും ദുആയോടും മനഃപരിശുദ്ധിയോടും കൂടി പ്രവർത്തിക്കുകയാണെങ്കിൽ വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ള എല്ലാ വാഗ്ദാനങ്ങളും അവനുവേണ്ടി പൂർത്തിയാക്കുകയും സുഹൃത്ത്ബന്ധത്തിന്റെ കടമക ളെല്ലാം നിറവേറ്റുകയും ചെയ്യുന്നുവെന്ന് ഈ സമുദാ യത്തിനോട് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ ലോകത്തും അവന് അനുഗ്രഹങ്ങൾ നല്കി അവന്റെ ഭൗതികമായ ആവശ്യങ്ങളും പൂർത്തിയാക്കിക്കൊടുക്കു ന്നു. ആത്മീയമായ അഭിവൃദ്ധിയും നല്കുന്നു. അങ്ങനെ അവർ ഈ ലോകത്തും സ്വർഗ്ഗം വാങ്ങുന്നു. മരിച്ചതി നുശേഷം എന്നെന്നും നിലകൊള്ളുന്ന സ്വർഗ്ഗത്തിലും മുഅ്മിനീകളെ താമസിപ്പിക്കുന്നു. യഥാർത്ഥ മുഅ്മി നോട് അല്ലാഹു ഒരുപാട് വാഗ്ദാനങ്ങൾ ചെയ്തിട്ടു ണ്ട്. വിശുദ്ധഖുർആനിൽ അത് പറഞ്ഞിട്ടുമുണ്ട്. അല്ലാഹു അതെല്ലാം പൂർത്തിയാക്കിക്കൊടുക്കുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. അത് വിവിധ രൂപത്തിൽ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നതായി നാം കാണുകയും ചെയ്യുന്നു. ആയിരക്കണക്കിന് അഹ്മദി കൾ ഈ വാഗ്ദാനമനുസരിച്ച് തങ്ങളുടെ ദുആ സ്വീകാരത്തിന്റെ അടയാളങ്ങൾ ദർശിക്കുന്നവരാണ്. ഇപ്പോൾ നടന്നുവരുന്ന ഖിലാഫത്ത് വ്യവസ്ഥിതിയും അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ ഒരു വലിയ വാഗ്ദാ നമാണ്. അത് സത്യവിശ്വാസികൾക്ക് സമാധാനം നല്കുന്നതിനും ശക്തിപകരുന്നതിനുമായി അല്ലാഹു നല്കിയിട്ടുള്ളതാണ്. അഹ്മദികളിലും സത്യവിശ്വാസി കളുടെ ജമാഅത്തിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) ലും സത്യസന്ധമായി ബന്ധം പുലർത്തുന്നവരിലും കഴിഞ്ഞ നൂറുവർഷമായി ഈ വാഗ്ദാനം പ്രൗഢിയോ ടുകൂടി പുലർന്നുവരുന്നത് നാം കണ്ടുകൊണ്ടിരിക്കു ന്നു. ഒരഹ്മദിയുടെ ശാന്തിയോടും സൗഖ്യത്തോടു മുള്ള ജീവിതം ഇതിനുള്ള തെളിവാണ്. മറ്റുള്ളവർ മുങ്ങിക്കിടക്കുന്ന പലരീതിയിലുള്ള ഫിത്നകളിൽ നിന്നും ഫസാദുകളിൽനിന്നും അഹ്മദികൾ രക്ഷപ്പെ ട്ടിരിക്കുന്നു.

എന്നോട് ഒരു സുഹൃത്ത് പറയുകയുണ്ടായി, കഴിഞ്ഞദിവസം അമേരിക്കയിൽ നമ്മുടെ ജൽസ നട ന്നിരുന്നു. അദ്ദേഹത്തെ കാണാൻ അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് വന്നു. ആ സമയത്ത് എന്റെ പ്രഭാഷണം തുടങ്ങാൻ പോകുകയായിരുന്നു. ഇപ്പോൾ പ്രസംഗം തൽസമയ സംപ്രേക്ഷണം ഉണ്ടാകുമെന്നും അത് കേൾക്കാൻ പോകുകയാണെന്നും അതുകൊണ്ട് അല്പസമയം കാത്തിരിക്കണമെന്നും ആ അഹ്മദി തന്റെ സുഹൃത്തിനോടു പറഞ്ഞപ്പോൾ തനിക്കും പ്രസംഗം കേൾക്കണമെന്ന് ആ സുഹൃത്ത് ആഗ്രഹം പ്രകടിപ്പിച്ചു. അദ്ദേഹം ശിയാവിശ്വാസിയായിരുന്നു. പാക്കിസ്ഥാനിൽ നിന്ന് അമേരിക്കയിൽ വന്നിട്ടുള്ള യാളാണ്. പ്രസംഗം മുഴുവനും കേട്ടതിനുശേഷം വിദ്യാ സമ്പന്നനായ അദ്ദേഹം പറഞ്ഞു: 'മതത്തിനോട് എനി ക്കത്ര താൽപര്യമൊന്നുമില്ല. പക്ഷേ, മറ്റുള്ളവരിൽനിന്ന് അഹ്മദികൾ എന്തുകൊണ്ട് വേറിട്ടുനില്ക്കുന്നുവെന്ന് എനിക്കിപ്പോൾ മനസ്സിലായി. അഹ്മദികളും മറ്റുള്ള വരും തമ്മിലുള്ള വ്യത്യാസമെന്താണ്? അതിന് കാരണം നിങ്ങളെ ഇസ്ലാമിക കാര്യങ്ങളിലേക്ക് നയി ക്കാൻ അല്ലാഹു ഒരു വ്യവസ്ഥിതി നിങ്ങൾക്ക് ഏർപ്പെ ടുത്തിത്തന്നിരിക്കുന്നു. അത് ഞങ്ങളിലില്ല. ഒരു ശബ്ദം കേൾക്കുമ്പോൾ ഇരിക്കുകയും മറുശബ്ദം കേൾക്കു മ്പോൾ എഴുന്നേല്ക്കുകയും ചെയ്യുന്നവരാണ് നിങ്ങൾ.' ഇങ്ങനെ അല്ലാഹു അവന്റെ വാഗ്ദാനം ജമാ അത്തിൽ അതിന്റെ പ്രൗഢിയോടുകൂടി നിറവേറ്റിക്കൊ ണ്ടിരിക്കുന്നു.

അവിശ്വാസികൾക്കെതിരിൽ സത്യവിശ്വാസികളെ സഹായിക്കുമെന്നത് വിശുദ്ധഖുർആനിൽ വാഗ്ദാനം ചെയ്ത കാര്യങ്ങളിൽ അല്ലാഹുവിന്റെ ഒരു വാഗ്ദാനമാണ്. അല്ലാഹുതആല വളരെ വ്യക്തമായ വാക്കുകളിൽ പറയുന്നു, നിങ്ങൾ ലോകത്ത് ചുറ്റിനടന്നുനോക്കുക, മതചരിത്രത്തിൽ ദൃഷ്ടി പായിക്കുക. ഒരിടത്തും നബിമാരും അനുയായികളും പരാജയപ്പെട്ടതായി നിങ്ങൾക്ക് കാണാൻ കഴിയില്ല. താല്ക്കാലികമായ പരീക്ഷണങ്ങളും ബുദ്ധിമുട്ടുകളും വരുമെന്നതിൽ സംശയമില്ല. പക്ഷേ, അവസാനം ശത്രുക്കൾ പരാജയമടയുന്നു. സത്യവിശ്വാസികളുടെ എതിരാളികൾക്ക് നാശവും തകർച്ചയുമല്ലാതെ മറ്റൊന്നുമില്ല. നബി(സ) തിരുമേനിക്കു മുമ്പേ വന്നിട്ടുള്ള നബിമാർക്കും അവരുടെ അനുയായികൾക്കും നബി(സ) തിരുമേനിക്കും അനുയായികൾക്കും അതിനുശേഷം യഥാർത്ഥ വിശ്വാസികൾക്കുംവേണ്ടി അല്ലാഹു ഇതൊരു മാനദണ്ഡമാക്കിയിരിക്കുകയാണ്. അതായത്, അവസാനം അവിശ്വാസികൾ നാശമടയുന്നതാണ്. ഞാൻ പറഞ്ഞതുപോലെ അവിശ്വാസികളുടേയും സത്യനിഷേധികളുടേയും നാശത്തെക്കുറിച്ചും സത്യവിശ്വാസികളുടെ വിജയത്തെക്കുറിച്ചും അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്. മുകദ്ദീബീന്റെയും മുകഫ്ഫിരീന്റേയും പര്യവസാനം വളരെ മോശമായിരിക്കുമെന്ന് പറഞ്ഞിരിക്കുന്നു. അത് വിവരിച്ചുകൊണ്ട് അല്ലാഹു പറയുന്നു. ***ദാലിക്ക ബിഅന്നല്ലാഹ മൗലല്ലദീന ആമനൂ വ അന്നൽകാഫിരീന ലാ മൗലാ ലഹും*** അതിനു കാരണം, അല്ലാഹു വിശ്വസിച്ചവരുടെ രക്ഷാധികാരിയാണെന്നതും അവിശ്വാസികൾക്ക് ഒരു രക്ഷാധികാരിയും ഇല്ലെന്നതുമത്രെ (47:12).

സത്യവിശ്വാസികളുടേയും തഖ്‌വയിൽ പദമൂന്നുന്നുവരുടേയും രക്ഷാധികാരിയും സുഹൃത്തും ആ പ്രതാപവാനായ അല്ലാഹുവാണ്. അവന്റെ രാജത്വം എല്ലാ ഭൂമിയിലും ആകാശത്തിലും വലയം ചെയ്തിരിക്കുന്നു. ആരുടെമേലാണോ പ്രതാപവാനും സർവ്വശക്തനുമായ അല്ലാഹുവിന്റെ ദൃഷ്ടിയുള്ളത് അവന് നഷ്ടംവരുത്താൻ ശത്രുക്കൾക്ക് കഴിയുമോ? തീർച്ചയായും ഇല്ല. ഒരിക്കലുമില്ല. കാരണം അല്ലാഹുവിൽ പരിപൂർണ്ണമായി വിശ്വസിക്കുന്നവന്റെ സംരക്ഷണത്തിനുള്ള സകല ഏർപ്പാടുകളും അല്ലാഹു ചെയ്യുന്നു. അതവൻ വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. അവൻ അവരെ സഹായിക്കുന്നു. അവൻ ഒരിടത്ത് പറയുന്നു. ***വ കാന ഹഖ്ഖൻ അലയ്നാ നസ്റുൽ മുഅ്മിനീൻ*** സത്യവിശ്വാസികളെ സഹായിക്കുക എന്നത് നമ്മുടെ ബാധ്യതയാണ് (30:48).

ഇതാണ് സത്യവിശ്വാസികളുടെ അല്ലാഹു. അവൻ ഒരുനിമിഷംപോലും, തന്നെ വിശ്വസിക്കുന്നവരെ ഗൗനിക്കാതിരിക്കുന്നില്ല. ആകാശത്തിന്റേയും ഭൂമിയുടേയും അധികാരിയായ അല്ലാഹുവിന് ഉറക്കമോ മയക്കമോ വരുന്നില്ല. എപ്പോഴും തന്റെ സത്യവിശ്വാസികളുടെ വിളി കേട്ട് എല്ലായിടത്തും അവനെത്തുന്നു. അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുകയും ഭക്തിയിലും വിനയത്തിലും അഭിവൃദ്ധിപ്പെടുകയും ചെയ്തിട്ടുള്ള ഈ സത്യവിശ്വാസികൾ എത്രമാത്രം സൗഭാഗ്യവാന്മാരാണ്. അവർ അതിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടേപോകാൻ ശ്രമിക്കുന്നു. തന്റെ സത്യവിശ്വാസിയായ ദാസനെ സഹായിക്കാൻ അല്ലാഹു എപ്പോഴും അവന്റെമേൽ ദൃഷ്ടി പതിപ്പിച്ചിരിക്കുന്നു.

നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിട്ടുള്ളവരാണ്. അതുകൊണ്ടുതന്നെ ഇക്കാലത്ത് നബി(സ)യുടെ സത്യസന്ധനായ ദാസന് ബയ്അത്ത് ചെയ്തവർ മാത്രമേ സത്യവിശ്വാസിയായിരിക്കുകയുള്ളൂവെന്ന് നാം ദൃഢമായും വിശ്വസിക്കുന്നു. പക്ഷേ, നമ്മൾ ഒരുകാര്യം ഓർക്കണം; ബയ്അത്ത് ചെയ്തുവെന്നതുകൊണ്ടുമാത്രം കാര്യമില്ല. നമ്മുടെ കർമ്മങ്ങളുടെ വിത്തിനെ സംരക്ഷിച്ചുകൊണ്ട് അത് മുളയ്ക്കുന്നതിനുള്ള സാഹചര്യം ഒരുക്കേണ്ടതാണ്. അത് കിളിർത്തതിനുശേഷം അതിനെ സംരക്ഷിക്കേണ്ടതാണ്. പിന്നീട് അത് ശാഖാരൂപത്തിലാകുമ്പോഴും കാത്തുസൂക്ഷിക്കണം. എല്ലാത്തരം കീടങ്ങളിൽനിന്നും മൃഗങ്ങളിൽനിന്നും അതിനെ സംരക്ഷിക്കണം. പിന്നീട് ആ ചെടിയെ സംരക്ഷിച്ചുകൊണ്ട് അതിന്റെ ശക്തമായ തായ്ത്തടിയിൽ നിലയുറപ്പിക്കണം. എങ്കിലേ അത് ഫലം നല്കുന്ന വൃക്ഷമാവുകയുള്ളൂ. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എല്ലാ കർമ്മങ്ങളും സൽസ്വഭാവങ്ങളും ആരിലാണോ ഒരുമിച്ചുകൂടുന്നത് അവനെയാണ് മുത്തഖി എന്നു പറയുന്നത്. മൊത്തത്തിൽ ഉത്ക്കൃഷ്ട സ്വഭാവഗുണം ഇല്ലാതെ ഏതെങ്കിലും ഒരു ഗുണം മാത്രമേയുള്ളൂവെങ്കിൽ മുത്തഖീ എന്നു പറയപ്പെടുകയില്ല. ഏതെങ്കിലുമൊരു നല്ല ഗുണമുള്ളതുകൊണ്ട് സ്വയം നല്ലവനെന്ന് മനസ്സിലാക്കരുത്. എല്ലാ ഉത്ക്കൃഷ്ട സ്വഭാവങ്ങളും കൂടാതെ ഒരുവൻ തഖ്‌വയിൽ പദമൂന്നുന്നവനാകുകയില്ല. ഈമാൻ ശക്തിപ്പെടുത്തുന്നതിന് എല്ലാ നന്മകളേയും സ്വായത്തമാക്കേണ്ടതും അതിൽ വളരേണ്ടതും അത്യാവശ്യമാണെന്ന കാര്യം ഒന്നാമതായി ഓർക്കുക. മറ്റൊന്ന് അല്ലാഹു പറയുന്നത്, അല്ലാഹു സത്യവിശ്വാസിയുടെ സുഹൃത്താണെന്നാണ്. അതുകൊണ്ടാണ് അവരെ സംരക്ഷിക്കുന്നത്. അവിശ്വാസികൾ നശിച്ചൊടുങ്ങുന്നത് അവർക്ക് സുഹൃത്തായി ആരുമില്ലാത്തതുകൊണ്ടാണ്. ഈ സഹായം മറ്റൊരു വിധത്തിലും അല്ലാഹു പറഞ്ഞിട്ടുണ്ട്. വെറും സുഹൃത്തല്ല; സംരക്ഷിക്കുക മാത്രമല്ല അവൻ ചെയ്യുന്നത്. നേരെമറിച്ച്, സത്യവിശ്വാസികൾക്ക് അവിശ്വാസികളുടെമേൽ മേന്മയുണ്ടാകുമെന്ന് ഈടും നല്കുന്നു. അല്ലാഹുതആല, സത്യവിശ്വാസികൾ വിജയിക്കുന്നതിനുള്ള സകല സാഹചര്യങ്ങളുമൊരുക്കുന്നതാണ്. വിജയം തീർച്ചയായും നിങ്ങളുടേതാണ്. എതിരാളികൾ അധികമായതുകൊണ്ടോ അവരുടെ സകല സാധനസാമഗ്രികളും കണ്ടുകൊണ്ടോ അവരുടെ തന്ത്രങ്ങൾകൊണ്ടോ

അവരുടെ ഭരണംകൊണ്ടോ ഒന്നും നിങ്ങൾ വിഷമിക്കരുത്. അവരുടെ ആക്രമണങ്ങൾ നിങ്ങളുടെ ഈമാനിൽ ബലഹീനത സൃഷ്ടിക്കയുമരുത്. ഓർമ്മിക്കുക, ശത്രുസൈന്യത്തിന് നിങ്ങളെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. കാരണം നബിമാരും സത്യവിശ്വാസികളുടെ സംഘവും അവസാനം വിജയിക്കുമെന്ന് അല്ലാഹു എഴുതിരേഖപ്പെടുത്തിയിട്ടുള്ളതാണ്. ഒരു സാധാരണക്കാരന്റെ ഭാവനയിൽപോലുമില്ലാത്ത സാഹചര്യംകൊണ്ട് അല്ലാഹു ശത്രുക്കളെ പരാജയപ്പെടുത്തുന്നു.

ബദ്ർയുദ്ധത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് അല്ലാഹു പറയുന്നു: അപ്പോൾ നിങ്ങൾക്ക് എന്തെങ്കിലും ശക്തിയുണ്ടായിരുന്നുവോ? നബി(സ) തിരുമേനി അല്ലാഹുവിന്റെ തിരുസന്നിധിയിൽ, ഇന്ന് ഈ സത്യവിശ്വാസികളുടെ ചെറുസംഘം അവസാനിച്ചാൽ അല്ലാഹുവേ, നിന്റെ പേരുപറയാൻ ഭൂമിയിലാരുമുണ്ടാകുകയില്ലെന്നു പറഞ്ഞ് വിങ്ങിപ്പൊട്ടിക്കരയുകയായിരുന്നു. ആ യുദ്ധത്തിൽ മുസ്‌ലിംകളുടെ പക്കൽ എടുത്തുപറയാൻതക്ക ആയുധങ്ങളോ സാധനസാമഗ്രികളോ ഉണ്ടായിരുന്നില്ല. പക്ഷേ, ഫലമെന്തുണ്ടായി? നബി(സ) തിരുമേനിയുടെ ദുആകൾ സ്വീകരിച്ചും സത്യവിശ്വാസികളുടെ ഈമാൻ കണ്ടും അല്ലാഹു തന്റെ വാഗ്ദാനം പൂർത്തിയാക്കി. അവിശ്വാസികളുടെ ശക്തമായ സൈന്യത്തെ നിരാലംബരും പരാജിതരുമാക്കി. എല്ലായിടത്തും ശത്രുക്കളുടെ ശവം ചിതറിക്കിടന്നു. അല്ലാഹു പറയുന്നു: ***ഫലം തഖ്തുലൂഹും വലാക്കിന്നല്ലാഹ ഖതലഹും*** നീയല്ല അവിശ്വാസികളെ വധിച്ചത്, പ്രത്യുത അല്ലാഹുവാണ് വധിച്ചത്. പിന്നീട് നബി(സ)നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു ***വമാ റമയ്ത്ത ഇദ് റമയ്ത്ത വലാക്കിന്നല്ലാഹ റമാ.*** നീ കൈ നിറയെ പൊടിക്കല്ലെടുത്തെറിഞ്ഞപ്പോൾ നീയല്ല എറിഞ്ഞത്. മറിച്ച് അല്ലാഹുവാണ് എറിഞ്ഞത് (8:18).

ഈ യുദ്ധത്തിൽ ഇസ്‌ലാമിനെ നശിപ്പിക്കാൻ വേണ്ടി ഇറങ്ങിപ്പുറപ്പെട്ട അവിശ്വാസികളെ അല്ലാഹു പരാജയപ്പെടുത്തി. അവർ അങ്ങേയറ്റം നിന്ദിതരായിട്ട് മടങ്ങിപ്പോയി. വിജയം നിങ്ങൾക്കാണെന്ന തന്റെ വാഗ്ദാനം പൂർത്തിയാക്കിക്കാണിച്ചുകൊണ്ട്, ഇത് അതിന്റെ ഒരു മിന്നലാട്ടമാണെന്ന് അവൻ വിശ്വാസികൾക്ക് കാണിച്ചുകൊടുക്കുകയായിരുന്നു.

إِنْ تَسْتَفْتِحُوا فَقَدْ جَاءَكُمُ الْفَتْحُ ۖ وَإِنْ تَنْتَهُوا فَهُوَ خَيْرٌ لَكُمْ ۖ وَإِنْ تَعُودُوا نَعُدْ وَلَنْ تُغْنِيَ عَنْكُمْ فِئَتُكُمْ شَيْئًا وَلَوْ كَثُرَتْ وَأَنَّ اللَّهَ مَعَ الْمُؤْمِنِينَ

അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ വിജയത്തിന്റെ ദൃഷ്ടാന്തം ആവശ്യപ്പെടുന്നുവെങ്കിൽ വിജയം നിങ്ങൾക്ക് വന്നുകഴിഞ്ഞിരിക്കുന്നു. അല്ലയോ സത്യനിഷേധികളെ നിങ്ങൾ അക്രമത്തിൽനിന്ന് വിരമിക്കുന്നുവെങ്കിൽ അത് നിങ്ങൾക്ക് ഉത്തമമാണ്. നിങ്ങൾ യുദ്ധത്തിൽനിന്ന് മടങ്ങുന്നുവെങ്കിൽ നാമും അതിലേക്ക് മടങ്ങുന്നതാണ്. നിങ്ങളുടെ സംഘബലം- അതെത്ര അധികമായിരുന്നാലും നിങ്ങൾക്ക് പ്രയോജനം ചെയ്യുന്നതല്ല. അറിയുക, അല്ലാഹു സത്യവിശ്വാസികളോടൊപ്പമാണ് (8:20).

തീർച്ചയായും ഈ അടയാളം അക്കാലത്ത് സത്യവിശ്വാസികളുടെ ഈമാൻ വർദ്ധിക്കുന്നതിന് കാരണമായി. സ്വഹാബത്തിന്റെ ഈമാൻ പ്രബലപ്പെട്ടു. ഇക്കാര്യം വിശുദ്ധഖുർആനിൽ രേഖപ്പെടുത്തിക്കൊണ്ട് സത്യവിശ്വാസികളുടെ ഈമാനും അല്ലാഹു കരുത്തേകി. പ്രത്യേകിച്ച് മസീഹിനേയും മഹ്ദിയേയും വിശ്വസിച്ച അവസാനക്കൂട്ടരുടെ ഈമാന് അത് ശക്തിപകർന്നു. അല്ലാഹുവിന്റെ സഹായമെപ്പോഴും സത്യവിശ്വാസികൾക്കുണ്ടാകുന്നു. അതുകൊണ്ട് നിങ്ങൾ എതിരാളികളുടെ സൈന്യത്തേയും സംഘബലത്തേയും ഭയപ്പെടരുത്. അവരുടെ ഭരണകൂടങ്ങളേയും ഭയപ്പെടരുത്. അവരുടെ കുതന്ത്രങ്ങളേയും ഭയപ്പെടരുത്. മറിച്ച്, നിങ്ങളുടെ സംഘബലവും നിങ്ങളുടെ കുതന്ത്രങ്ങളും വഞ്ചനകളും ഭരണകൂടങ്ങളും ഞങ്ങൾക്കൊരു ക്ഷതവും ഏല്പിക്കുകയില്ലെന്ന് വിളംബരം ചെയ്യുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഈ വാക്കുകളിൽ ഇൽഹാം ഇറങ്ങിയിരുന്നു. പല പ്രാവവശ്യവും ഈ ഇൽഹാമുണ്ടായിട്ടുണ്ട്.

يَا أَحْمَدُ بَارَكَ اللّٰهُ فِيكَ - مَا رَمَيْتَ إِذْ رَمَيْتَ وَلٰكِنَّ اللّٰهَ رَمٰى - قُلْ إِنِّيْ أُمِرْتُ وَأَنَا أَوَّلُ الْمُؤْمِنِيْنَ

"അഹ്മദേ, അല്ലാഹു നിന്നിൽ അനുഗ്രഹം നിക്ഷേപിച്ചിരിക്കുന്നു. നീ എന്താണോ നടപ്പിൽവരുത്തിയത് അത് നീയല്ല നടപ്പിൽവരുത്തിയത്, പ്രത്യുത അല്ലാഹുവാണ് നടപ്പിൽവരുത്തിയത്. ഞാൻ അല്ലാഹുവിൽനിന്ന് നിയോഗിക്കപ്പെട്ടിരിക്കുന്നുവെന്ന് പറയുക. അവനെ ഏറ്റവുമാദ്യം വിശ്വസിച്ചവരിൽപ്പെട്ടവനാണ് ഞാൻ." അല്ലാഹു മസീഹ് മൗഊദ്(അ)നെക്കൊണ്ട് ഈ വിളംബരം ചെയ്യിച്ചത് തീർച്ചയായും അവസാന വിജയം ആ മഹാത്മാവിന്റെ ജമാഅത്തിനായിരിക്കുമെന്ന് ഉറപ്പുനല്കുന്നു.

ആ മഹാത്മാവിന്റെ ജീവിതത്തിലും പല ദുർഘടഘട്ടങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷേ, എല്ലാ സമയത്തും

അല്ലാഹു അദ്ദേഹത്തിന് വിജയം നല്കി. ആ മഹാത്മാവിനെ സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ശേഷം ജമാഅത്തിനും കഠിനമായ പ്രതിസന്ധികളെ നേരിടേണ്ടിവന്നിട്ടുണ്ട്. അപ്പോഴെല്ലാം അല്ലാഹുവിന്റെ സഹായം നാം കണ്ടതാണ്.

അല്ലാഹുവിന്റെ ഈ പെരുമാറ്റം ഹദ്റത്ത് മസീഹ് മൗഊദ്(അ) സത്യവാനാണെന്നതിനുള്ള തെളിവാണ്. തീർച്ചയായും അല്ലാഹുവിന്റെ സഹായം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും ആ മഹാത്മാവിന്റെ ജമാഅത്തിനോടുമൊപ്പം ഉണ്ടാകുമെന്നുള്ള ദൃഢവിശ്വാസത്തിൽ ജമാഅത്തിലെ ഓരോ വ്യക്തിയും നിലകൊള്ളേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിന്റെ വിജയത്തിനുവേണ്ടി അല്ലാഹു വീശുന്ന കാറ്റിനെ തടയാൻ ആർക്കും സാധ്യമല്ല. അല്ലാഹു മുൻകാല സത്യവിശ്വാസികൾക്ക് വിജയം നല്കുകയും അവരോടൊപ്പം എപ്പോഴും നിലനില്ക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ഇന്നും ആ വാഗ്ദാനങ്ങളിലൂടെ സത്യവാനായ അല്ലാഹു സത്യവിശ്വാസികളോടൊപ്പമുണ്ട്. അഹ്മദിയ്യത്തിന്റെ വിജയത്തെ ഇപ്പോൾ ആർക്കും തടയാൻ സാധ്യമല്ല. അല്ലാഹു സത്യവിശ്വാസികൾക്ക് വിജയം കാണിച്ചുകൊടുത്തിട്ടുണ്ട്. ഇനിയും കാണിച്ചുകൊടുക്കുന്നതാണ്. അവൻ സത്യവിശ്വാസിയോടൊപ്പമാണ്. അവിശ്വാസികൾ നിന്ദിതരും പരാജിതരുമാണെന്ന് പറഞ്ഞതിനോടൊപ്പം അടുത്ത വചനത്തിൽ സത്യവിശ്വാസികളെ ഉപദേശിക്കുകയും ചെയ്തിരിക്കുന്നു; അതായത് അല്ലാഹുവിനേയും റസൂലിനേയും പൂർണ്ണമായും പിൻപറ്റാൻ. ഒരു കല്പനയോടും മുഖം തിരിക്കാതിരുന്നാൽ അത് ഈമാനെ ബലമുള്ളതാക്കിത്തീർക്കും. നമ്മൾ അല്ലാഹുവിന്റെ അടയാളം കണ്ടുകൊണ്ടേ പോകും. ഈ വിജയവാഗ്ദാനം സത്യവിശ്വാസികളോടും പൂർണ്ണമായും അനുസരിക്കുന്നവരോടും ജമാഅത്തിന്റെ മാലയിൽ കോർക്കപ്പെട്ടവരോടും ഖിലാഫത്തുമായി ബന്ധപ്പെട്ടുനില്ക്കുന്നവരോടുമൊപ്പമുണ്ട്.

അല്ലാഹുവിനേയും റസൂലിനേയും പൂർണ്ണമായി അനുസരിക്കുന്നവർ മാത്രമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്ത ദുആയുടെ അവകാശികളാകുന്നത്. അല്ലാഹുവിന്റെ സഹായത്തിന്റേയും സംരക്ഷണത്തിന്റേയും പിന്തുണയുടേയും വാഗ്ദാനവും സത്യവിശ്വാസികൾക്കെല്ലാവർക്കുമായി പൂർത്തിയാകുന്നതാണ്.

അല്ലാഹു എല്ലാ അവസ്ഥയിലും, എപ്പോൾ ആവശ്യമുണ്ടോ സത്യവിശ്വാസികളെ സഹായിക്കാൻ ഓടിയെത്തുന്നതായിരിക്കും. അവരുടെ ശത്രുക്കളെ പരാജയപ്പെടുത്തുകയും ചെയ്യും. ഹദീസിൽ വന്നതിനെ ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹുവിന്റെ 'വലി'യുടെമേൽ ആരെങ്കിലും ആക്രമണം നടത്തിയാൽ അല്ലാഹു അവന്റെമേൽ കുട്ടി തട്ടിയെടുക്കപ്പെട്ട സിംഹി ദ്വേഷംകൊണ്ട് ചാടിവീഴുന്നതുപോലെ ചാടിവീഴുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ എതിരാളികൾക്ക് നിന്ദ്യതയും അപമാനവും വിധിക്കപ്പെട്ടിരിക്കുന്നു. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അല്ലാഹു ആ മഹാത്മാവിന്റെ ജമാഅത്തിനോടൊപ്പമുണ്ട്. നാം തഖ്വയുടേയും ഈമാന്റേയും ഉന്നതമായ നില സ്ഥാപിക്കുന്നവരായിത്തീരുകയാണെങ്കിൽ നമ്മുടെ ജീവിതത്തിൽ ത്തന്നെ ഈ വിജയങ്ങളുടെ കാഴ്ചകൾ കാണാൻ കഴിയുന്നതാണ്. അല്ലാഹുവിന്റെ സന്നിധിയിൽ കുനിഞ്ഞുകൊണ്ടും ആത്മപരിശോധന നടത്തിക്കൊണ്ടും ഈ നില സ്ഥാപിക്കാൻ ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്. ഇതിനുവേണ്ടി പതിവായി പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു അതിന് നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്തിട്ടുള്ള അനുഗ്രഹങ്ങളുടെ വാഗ്ദാനങ്ങൾക്ക് നമ്മളേയും അവകാശികളാക്കുമാറാകട്ടെ.

രണ്ടാമത്തെ ഖുത്ബയ്ക്കു മുമ്പേ ഹുസൂർ പറഞ്ഞു, ഇൻശാഅല്ലാഹ് ഈ മാസം അവസാനം നടക്കുന്ന ജർമ്മനി ജമാഅത്തിന്റെ ജൽസ സാലാനയിൽ പങ്കെടുക്കാൻ ഞാൻ യാത്രപോകുകയാണ്. ഈ യാത്ര എല്ലാവിധത്തിലും അനുഗൃഹീതമാകുന്നതിനുവേണ്ടി ദുആ ചെയ്യുക. അല്ലാഹു അതിരറ്റ അനുഗ്രഹമെപ്പോഴും നല്കിക്കൊണ്ടിരിക്കുമാറാകട്ടെ.


| Khuthba<br>Hadhrat Mirza Masroor Ahmad<br>Khalifathul Masih V<br>on 17.8.2007 at Baithul Futuh, London | *Translated by: Muhammad Ismail, Alleppey*<br>Mob: 94466 56123 Resi.: 0497 3294865<br>Page Layout & Typeset: BRB, Kannur<br>Published by: Majlis Khuddamul Ahmadiyya, Kerala |
|---|---|